## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2429. 09.03.2018 -ലെ മറുപടിക്ക്.

## മതിയായ സുരക്ഷാ സംവിധാനങ്ങൾ ഇല്ലാതെ നിർമ്മാണ മേഖലയിൽ അപകടങ്ങൾ

ചോദ്യം | മറുപടി

**ശ്രീ.രാജു എബ്രഹാം :**

**ശ്രീ. ടി.പി.രാമകൃഷ്ണൻ**
(തൊഴിലും എക്സൈസും വകുപ്പ മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ നിർമ്മാണ മേഖലയിൽ മതിയായ സുരക്ഷാ സംവിധാനങ്ങൾ ഇല്ലാതെ തൊഴിലാളികൾ അപകടങ്ങളിൽപെട്ട് മരണമടയുന്നതും ഗുരുതരമായി പരിക്കേൽക്കുന്നതും സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; കഴിഞ്ഞ 3 വർഷത്തിനുള്ളിൽ ഇത്തരത്തിൽ അപകടങ്ങളിൽ പെട്ട് മരിച്ചവരുടേയും ഗുരുതരമായി പരിക്കേറ്റവരുടെയും എണ്ണം ലഭ്യമാക്കാമോ: | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കഴിഞ്ഞ 3 സാമ്പത്തിക വർഷത്തിൽ (2014-15, 2015-16, 2016-17) 110 അപകട മരണങ്ങളും 8949 അപകടങ്ങളും ടി മേഖലയിൽ നടന്നിട്ടുണ്ട്. |
| (ബി) | നിർമ്മാണ മേഖലയിൽ തൊഴിലാളികൾ ഹെൽമറ്റ് ഉൾപ്പെടെയുള്ള സുരക്ഷാ സംവിധാനങ്ങൾ നിർബന്ധമായും ധരിച്ച് സുരക്ഷ ഉറപ്പാക്കുന്നതിന് കർശന നിയമങ്ങൾ പ്രാബല്യത്തിൽ വരുത്തുന്നതിനും നിയമം പാലിക്കുന്നോ എന്ന് ഉറപ്പവരുത്തുന്നതിന് പരിശോധനകൾ നടത്തുന്നതിനും ഇതിന് വ്യതിയാനം വരുത്തുന്ന കരാറുകാർക്കെതിരേ കർശന നടപടി സ്വീകരിക്കുന്നതിനും എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | ആവശ്യമായ സുരക്ഷാ സംവിധാനങ്ങൾ ഒരുക്കാതെ സംസ്ഥാനത്ത് പല ഭാഗത്തും കെട്ടിട നിർമ്മാണം നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 08.06.2017 ന് സംസ്ഥാനത്ത് വ്യാപകമായി തൊഴിൽവകുപ്പ് സ്പെഷ്യൽ സ്ക്വാഡ് പരിശോധന നടത്തുകയുണ്ടായി. ഈ പരിശോധനയിൽ, സുരക്ഷാ സംവിധാനം ഒരുക്കാതെ 71 സ്ഥാപനങ്ങൾ നിർമ്മാണ പ്രവർത്തനം നടത്തിവന്നത് ശ്രദ്ധയിൽപ്പെടുകയും നിയമലംഘനങ്ങൾക്കെതിരെ ഇന്റർസ്റ്റേറ്റ് മൈഗ്രന്റ് നിയമം 1979, കരാർ തൊഴിലാളി നിയമം 1970, ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് നിയമം 1996 എന്നീ നിയമങ്ങൾ പ്രകാരമുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. തൊഴിൽ, ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പുകളാണ് സുരക്ഷാ മാനദണ്ഡങ്ങൾ സംബന്ധിച്ച നടപടികൾ |

| | | | |
|---|---|---|---|
| | | | സ്വീകരിച്ചുവരുന്നത്. കൂടാതെ ഇപ്രകാരം സുരക്ഷാ മാനദണ്ഡങ്ങൾ ഒരുക്കാതെ നിർമ്മാണം നടക്കുന്ന സ്ഥലത്ത് അപകടങ്ങൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെടുമ്പോൾ തന്നെ ഇൻസ്പെക്ടർമാർ സ്ഥലപരിശോധന നടത്തുകയും മാനദണ്ഡങ്ങൾ പാലിക്കാതെയാണ് നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നതെന്ന് ശ്രദ്ധയിൽപ്പെട്ടാൽ പ്രവർത്തനം പൂർണ്ണമായും നിർത്തിവയ്ക്കുന്നതിന് തൊഴിലുടമയ്ക്കും കോൺട്രാക്ടർക്കും നിർദ്ദേശം നൽകുകയും ചെയ്യുന്നുണ്ട്.<br>കെട്ടിടനിർമ്മാണ മേഖലയിൽ തൊഴിലാളികൾക്ക് ആരോഗ്യവും സുരക്ഷയും ഉറപ്പുവരുത്തുന്നതിലേക്ക് സുരക്ഷാ മാന്വലിൽ സുരക്ഷാ ആഡിറ്റിംഗിന് യോഗ്യതയുള്ള ഏജൻസികളെ കണ്ടെത്തുന്നതിനുള്ള വ്യവസ്ഥകൾ/മാർഗ്ഗനിർദ്ദേശങ്ങൾ ഇവ നിലവിലില്ലാത്തതിനാൽ സുരക്ഷാ ആഡിറ്റിംഗിനായി അക്രഡിറ്റേഷൻ ബോർഡുകളുടെ അംഗീകാരം ലഭിച്ച ഏജൻസികളെ നിയോഗിക്കണമെന്ന വ്യവസ്ഥ സുരക്ഷാ മാന്വലിൽ ഉൾപ്പെടുത്തുവാനുള്ള നടപടി സ്വീകരിച്ചുവരുന്നു. നിർമ്മാണ മേഖല ഉൾപ്പെടെ വിവിധ തൊഴിൽ മേഖലകളിൽ പണിയെടുക്കുന്ന ഇതരസംസ്ഥാന തൊഴിലാളികൾക്ക് 2 ലക്ഷം രൂപയുടെ അപകടമരണ ഇൻഷുറൻസും 15000/- രൂപയുടെ ചികിത്സാസഹായവും നൽകുന്ന ആവാസ് പദ്ധതിയും നടപ്പിലാക്കിവരുന്നുണ്ട്. |
| (സി) | ഇത്തരത്തിൽ അപകടങ്ങളിൽപെടുന്ന തൊഴിലാളികളുടെ ചികിത്സയ്ക്കും, തുടർ ജീവിതത്തിനും സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിൽ എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; ഇല്ലെങ്കിൽ ഇതിനായി ഒരു പ്രത്യേക പദ്ധതി നടപ്പാക്കാൻ സർക്കാർ തയ്യാറാകുമോ; | (സി) | നിലവിലുണ്ട്. കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വം എടുത്ത അംഗ തൊഴിലാളികൾ അപകടത്തെ തുടർന്ന് ഇൻ പേഷ്യന്റായോ, പ്ലാസ്റ്ററിട്ടോ ഔട്ട്പേഷ്യന്റായോ സർക്കാർ ആശുപത്രിയിലോ, ബോർഡ് അംഗീകരിച്ച സ്വകാര്യ-സഹകരണ ആശുപത്രികളിലോ അഞ്ചോ അതിൽ കൂടുതലോ ദിവസം ചികിത്സ നടത്തിയാൽ തൊഴിലാളിക്ക് ആദ്യ 5 ദിവസത്തിന് 500/-രൂപയും, തുടർന്നുള്ള ഓരോ ദിവസത്തേയ്ക്കും 70/-രൂപ വീതം പരമാവധി 20,000/-രൂപയും അപകട ചികിത്സാ സഹായമായി ലഭിക്കുന്നതാണ്. |

| | | | |
|---|---|---|---|
| | | | ജോലിക്കിടയിൽ ഉണ്ടാകുന്ന അപകടത്തെ തുടർന്ന് 100% സ്ഥായിയായ അവശത സംഭവിക്കുന്ന തൊഴിലാളിക്ക് 1,00,000/-രൂപ അപകട ധന സഹായമായി ലഭിക്കും, 1,100/-രൂപ അവശതാ പെൻഷനായി ബോർഡ് നൽകുന്നു.<br>ഇതുകൂടാതെ ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ സുരക്ഷയ്ക്കായി ആവാസ് എന്ന ഇൻഷുറൻസ് പദ്ധതി നടപ്പാക്കിവരുന്നു. നിർമ്മാണ മേഖലയിൽ പ്രവർത്തിക്കുന്ന ഇതരസംസ്ഥാന തൊഴിലാളികൾക്ക് ഈ പദ്ധതിയിൻ കീഴിലെ ആനുകൂല്യങ്ങൾ പ്രയോജന പ്പെടുത്താവുന്നതാണ്. |
| (ഡി) | നിർമ്മാണ മേഖലയിലെ അപകടങ്ങളിൽ മരണപ്പെടുന്നവരുടെ കുടുംബങ്ങൾക്ക് അർഹമായ നഷ്ടപരിഹാരവും സാമ്പത്തിക സഹായവും ലഭ്യമാക്കാൻ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്? | (ഡി) | നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിലെ അംഗതൊഴിലാളി ജോലിക്കിടെ ഉണ്ടാകുന്ന അപകടത്തെത്തുടർന്ന് മരിക്കുകയാണെങ്കിൽ ടിയാന്റെ ആശ്രിതർക്ക്/അവകാശികൾക്ക് 3 ലക്ഷം രൂപ ധനസഹായമായി ലഭിക്കുന്നതാണ്. "ആവാസ്" പദ്ധതിയിലൂടെ 2 ലക്ഷം രൂപ അപകടമരണ ധനസഹായമായി ഇതര സംസ്ഥാന തൊഴിലാളികൾക്ക് നൽകുന്നതിന് സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ തൊഴിൽ സ്ഥലത്തുള്ള എല്ലാവിധ അപകടങ്ങൾക്കും ഇ.സി.സി വഴി നഷ്ടപരിഹാരം നേടികൊടുക്കുന്നതിനുവേണ്ടി ഇത്തരം അപകടങ്ങൾ എംപ്ലോയീസ് കോമ്പൻസേഷൻ കമ്മീഷണർക്ക് യഥാസമയം റിപ്പോർട്ട് ചെയ്യുന്നതിന് തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ